**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 501** **08-10-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 മുതൽ നാളിതുവരെ മദ്യത്തിനും, പെട്രോൾ, ഡീസൽ എന്നിവയ്ക്കും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | 2023-ലെ കേരള ധനകാര്യ നിയമപ്രകാരം മദ്യത്തിനും, പെട്രോൾ, ഡീസൽ എന്നിവയ്ക്കും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി 2023-24 സാമ്പത്തിക വർഷം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ചുമത്തപ്പെടുന്ന സാമൂഹ്യ സുരക്ഷാ സെസ് ഇനത്തിൽ 217.13 കോടി രൂപയും (Provisional), പെട്രോൾ, ഡീസൽ എന്നിവയിൽ ചുമത്തുന്ന സെസ് ഇനത്തിൽ 954.32 കോടി രൂപയും (Provisional), 2024-25 സാമ്പത്തിക വർഷം (2024 സെപ്റ്റംബർ 30 വരെ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ചുമത്തപ്പെടുന്ന സാമൂഹ്യ സുരക്ഷാ സെസ് ഇനത്തിൽ 107.67 കോടി രൂപയും (Provisional) പെട്രോൾ, ഡീസൽ എന്നിവയിൽ ചുമത്തുന്ന സെസ് ഇനത്തിൽ 442.04 കോടി രൂപയും (Provisional) പിരിഞ്ഞു കിട്ടിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര തുക സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട് എന്നറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽ (2235-60-102-89 (NPV)) വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. നിലവിൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബന്ധപ്പെട്ട ബജറ്റ് വിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്. 2023-24 സാമ്പത്തിക വർഷം 6100 കോടി രൂപയും, 2024-25 സാമ്പത്തിക വർഷം നാളിതു വരെ 6500 കോടി രൂപയും ടി ബജറ്റ് ശീർഷകത്തിൽ നിന്നും കേരള |

| | | | |
|---|---|---|---|
| | | | സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. സെസ്സിനത്തിൽ ഒരു വർഷം ലഭിക്കുന്ന തുക കൊണ്ട് ശരാശരി ഒരു മാസത്തെ പെൻഷൻ നൽകാൻ മാത്രമേ കഴിയൂ. |

സെക്ഷൻ ഓഫീസർ